(ഡി) ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

(ഇ) ഓരോ റൂട്ടിലും സാധനങ്ങൾ വിതരണം ചെയ്യാൻ കൺസ്യൂമർ ഫെഡറേഷൻ തീയതി നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് സാധനങ്ങൾ കൃത്യമായി സംഘങ്ങൾക്ക് ലഭ്യമാക്കാൻ ഫെഡറേഷൻ ശ്രദ്ധിക്കുന്നുണ്ട്.

(എഫ്) നീതിസ്റ്റോറുകളുടെ പ്രവർത്തനത്തിന് സർക്കാരിൽനിന്നു സാമ്പത്തിക സഹായം നൽകിവരുന്നു. ആദ്യഘട്ടം 30,000 രൂപ വീതം എല്ലാ സംഘങ്ങൾക്കും നൽകി. 1998-99-ൽ ഫെഡറേഷനും സംഘങ്ങൾക്കുമായി 145.95 ലക്ഷം രൂപ വായ്പ, ഓഹരി, സബ്സിഡി എന്നീ ഇനങ്ങളിൽ നൽകി. 1999-2000-ൽ 120 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. എൻ.സി.ഡി.സി.സ്കീം പ്രകാരം, 1997-98-ൽ 569 സംഘങ്ങൾക്ക് ഓഹരിയായി 349.50 ലക്ഷം രൂപയും, 1998-99-ൽ 229 സംഘങ്ങൾക്ക് 121.75 ലക്ഷം രൂപയും അനുവദിച്ചു നൽകി. 1999-2000-ൽ ഈ പദ്ധതി തുടരുന്നതാണ്. നീതിസ്റ്റോറുകളുടെ യോഗങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ ചർച്ചചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

144 (288) സഹകരണരംഗത്തെ പ്രശ്നങ്ങൾ

ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണരംഗത്തെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു എത്ര കമ്മിറ്റികളെ നിയോഗിക്കുകയുണ്ടായി;

(ബി) ഓരോ കമ്മിറ്റിയും ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് പഠനം നടത്തിയിട്ടുള്ളതെന്നും, ഓരോന്നിലും എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ ശുപാർശകളിൽ ഇതുവരെ നടപ്പാക്കിയിട്ടുള്ളവ ഏതെല്ലാമാണെന്നും ബാക്കിയുള്ളവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഏഴ് കമ്മിറ്റികളെ നിയമിക്കുകയുണ്ടായി.

(ബി&(സി) അനുബന്ധം 1-ൽ കാണാവുന്നതാണ്.†

145 (289) സഹകരണ മേഖലയിലെ ജനാധിപത്യം

ശ്രീ. കെ.എ. ചന്ദ്രൻ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പാലോട് രവി :

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ ജനാധിപത്യം അട്ടിമറിക്കപ്പെടുന്നു എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ഡയറക്ടർ ബോർഡുകളുടെ അധികാരം മറികടന്നുകൊണ്ട് നിശ്ചിത തുക സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയിലേക്ക് സഹകരണ ബാങ്കുകളിൽനിന്നും മാറ്റണമെന്ന് സഹകരണ രജിസ്ട്രാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ലാഭത്തിന്റെ എത്ര ശതമാനം സംഭാവന നൽകാനാണ് സഹകരണ ബാങ്കുകൾക്ക് നിയമപ്രകാരം അനുമതിയുള്ളത്;

(ഡി) സഹകാരികളിൽനിന്നും ബാങ്ക് സ്വരൂപിക്കുന്ന പണം ഡയറക്ടർ ബോർഡിന്റെ തീരുമാനം ഇല്ലാതെ മറ്റെവിടെയെങ്കിലും നിക്ഷേപിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് ബാങ്ക് ഡയറക്ടർ ബോർഡുകൾ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്;

(എഫ്) ഇല്ലെങ്കിൽ നിയമവ്യവസ്ഥകൾക്ക് വിരുദ്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പിൻവലിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ കേരളയ്ക്കു പൊതുനന്മാഫണ്ടിൽനിന്നും തുക നൽകാൻ ജില്ലാ സഹകരണ ബാങ്കിനും സംസ്ഥാന സഹകരണ ബാങ്കിനും രജിസ്ട്രാർ പെർമിസീവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

(സി) സഹകരണനിയമം 56(2) (സി) പ്രകാരം അറ്റലാഭത്തിലേക്കു മാറ്റുന്ന തുകയിൽനിന്നും കരുതൽധനം വിദ്യാഭ്യാസ ഫണ്ട്, തുടങ്ങിയവയിലേക്ക് നിയമാനുസൃതം വകമാറ്റിയശേഷം വരുന്ന തുക ബൈലാ വ്യവസ്ഥയനുസരിച്ച് പൊതുനന്മഫണ്ടിലേക്ക് മാറ്റാവുന്നതാണ്. കൂടാതെ 56(2) (സി) പ്രകാരം അറ്റാദായത്തിന്റെ 10%ത്തിൽ അധികരിക്കാത്ത തുക ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ടിലെ 2-ാം വകുപ്പനുസരിച്ചുള്ള ചാരിറ്റബിൾ കാര്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

(ഡി) ഇല്ല.

(ഇ) കണ്ണൂർ, വയനാട്, മലപ്പുറം ജില്ലാ ബാങ്കുകൾ ഒഴികെ ബാക്കി എല്ലാ ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും അനുബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ എടുത്ത തീരുമാനങ്ങൾ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും മാത്രം അവകാശിയായിട്ടുള്ള അക്കാഡമിക് രജിസ്ട്രാറുടെ പെർമിസീവ് സാങ്ഷൻ പ്രകാരം തുക നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly